"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊല്ലം കോർപ്പറേഷനിൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട ശ്രീമതി പളനി അമ്മാളിന്റെ മകൻ ശ്രീ മണികണ്ഠൻ പി - സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇ യു) വകുപ്പ്**

**സ.ഉ.(സാധാ) നം.1544/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/08/2020

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ മണികണ്ഠൻ പി-യുടെ സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കാനുള്ള 04.06.2016 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 16.03.2017 തീയതിയിലെ ഇ4- 15176/16 നമ്പർ കത്ത്.

4. 8/05/2004 തീയതിയിലെ 6678/ഉപ.സി.02/2004/ഉ.പ.ഭ.വ നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

കൊല്ലം കോർപ്പറേഷനിൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 16.10.2012 തീയതിയിൽ മരണപ്പെട്ട ശ്രീമതി പളനി അമ്മാളിന്റെ മകൻ ശ്രീ മണികണ്ഠൻ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 18.11.2014 നാണ്. പരാമർശം 1 ലെ ഉത്തരവനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി മരണ തീയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ ശ്രീ. മണികണ്ഠൻ.പി സമയപരിധി കഴിഞ്ഞ് ഒരു മാസം കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ കാലതാമസം മാപ്പാക്കി നല്കണമെന്നാവശ്യപ്പെട്ടിയാൾ പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിശ്ചിത കാലപരിധിക്കുള്ളിൽ നേടിയിട്ടുണ്ടായിരുന്ന യോഗ്യത അനുസരിച്ചുള്ള ജോലിക്കു മാത്രമേ പരിഗണിക്കാനാവൂ എന്ന നിബന്ധനയിൽ ,സമാശ്വാസ തൊഴിൽദാനപദ്ധതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, പരാമർശം 4 ലെ സർക്കുലർ പ്രകാരം കൊല്ലം കോർപ്പറേഷനിൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ശ്രീമതി.പളനി അമ്മാളിന്റെ മകൻ ശ്രീ

മണികണ്ഠൻ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി,കൊല്ലം കോർപ്പറേഷൻ.
ശ്രീ മണികണ്ഠൻ പി,തറയിൽപടിഞ്ഞാറ്റതിൽ,
മീനത്ത്ചേരി,ശക്തികുളങ്ങര,കൊല്ലം
ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ